ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ആശങ്ക പ്രകടിപ്പിച്ചതുപോലെ യാതൊരു ബുദ്ധിമുട്ടുമില്ല. നിലവിലുള്ള റേഷൻ കാർഡുകളുടെ കാലാവധി ഒക്ടോബർ 31 വരെ ഉണ്ട്. നവംബർ ഒന്നു മുതൽക്കാണ് പുതിയ കാർഡുകൾ നൽകേണ്ടത്. കാർഡുകൾ പുതുക്കുന്നതിനുള്ള നടപടികൾ 1984-ൽത്തന്നെ ഡിപ്പാർട്ടുമെന്റ് ആരംഭിച്ചിട്ടുണ്ട്. 1984 നവംബർ 21-ാം തീയതി ആദ്യമായി അതുസംബന്ധിച്ച് ഓർഡർ പുറപ്പെടുവിച്ചു. പിന്നീട് മദ്ധ്യവേനലവധിക്കാലത്ത് അദ്ധ്യാപകരെ ഉപയോഗപ്പെടുത്തി വീടുകൾതോറും പരിശോധന നടത്തി. രണ്ടുവിധത്തിലുള്ള ഫോറം വിതരണം ചെയ്തു. നമ്പർ 1 ഫോറവും നമ്പർ 2 ഫോറവും. നമ്പർ 1 ഫോറം നിലവിലുള്ള റേഷൻ കാർഡുകൾ പുതുക്കുവാനുള്ളതാണ്. അത് റേഷൻ കടകൾമുഖാന്തിരമാണ് വിതരണം ചെയ്തത്. നമ്പർ 2 ഫോറം തീരെ കാർഡില്ലാത്തവർക്കുവേണ്ടിയുള്ളതായിരുന്നു. അത് താലൂക്ക് സപ്ലൈ ഓഫീസർ/സിറ്റി റേഷനിംഗ് ഓഫീസർ മുഖേനയാണ് വിതരണം ചെയ്തത്. 4,372,917 കാർഡുകളാണ് വിതരണം ചെയ്യാൻ ഇപ്പോൾ നിലവിലുള്ളത്. അതിനു പുറമേ നമ്പർ 2 ഫോറത്തിൽ 414,352 പേർ കൂടി അപേക്ഷിച്ചിട്ടുണ്ട്. 1-11-ന് പുതിയ കാർഡുകൾ കൊടുക്കുന്നതിനുവേണ്ടി സമയബന്ധിതപരിപാടി ഡിപ്പാർട്ടുമെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ്. പിന്നെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഒരു ബുദ്ധിമുട്ട് വളരെ ശരിയാണ്. ഗവൺമെന്റ് പ്രസ്സിലാണ് ഇത് അച്ചടിക്കാൻവേണ്ടി കൊടുത്തിട്ടുള്ളത്. 50 ലക്ഷം കാർഡുകൾ അച്ചടിക്കാൻവേണ്ടി കൊടുത്തിട്ടുണ്ട്. പതിനയ്യായിരം കർണ്ണാടക കാർഡുകളും പതിനായിരം തമിഴ്കാർഡുകളും അച്ചടിക്കാൻ വേണ്ടി കൊടുത്തിട്ടുണ്ട്. കാർഡുകൾ 31-7-1985-ന് മുമ്പ് അവർ അച്ചടിച്ച് തരേണ്ടതായിരുന്നു. അവർ അച്ചടിച്ച് തന്നിട്ടില്ല. അതിന് അവർ പറയുന്ന ന്യായീകരണം കവറിനുവേണ്ടിയുള്ള കാലിക്കോ മെറ്റീരിയൽ അഹമ്മദാബാദിൽനിന്നുമാണ് വരേണ്ടത്. അവിടെ കുഴപ്പമായിരുന്നു, അത് സമയത്തിനു കിട്ടിയില്ല എന്നൊക്കെയാണ്. പ്രിന്റിംഗ് പ്രസ്സിന്റെ ചുമതല വഹിക്കുന്ന സഹകരണവകുപ്പുമന്ത്രിയെയും മറ്റുള്ള എല്ലാ ഉദ്യോഗസ്ഥന്മാരെയും ഞാൻ തന്നെ വിളിച്ചുകൂട്ടി ഒരു സമയബന്ധിതപരിപാടി തയ്യാറാക്കി ആളെ അഹമ്മദാബാദിൽ പറഞ്ഞയച്ച് സാധനങ്ങൾകൊണ്ടുവന്ന് പ്രിന്റ് ചെയ്തുതരണമെന്ന് പറഞ്ഞിരിക്കുകയാണ്. അതിൽ ആറേഴു ജില്ലകളിലുള്ള കാർഡുകൾ ഇപ്പോൾത്തന്നെ അതിന്റെ പ്രിന്റിംഗ് പൂർത്തിയായിരിക്കുകയാണ്. ബാക്കി നടന്നുകൊണ്ടിരിക്കുന്നു. ഏതായാലും റേഷൻ കാർഡ് ലഭിക്കുകയില്ലെന്ന ബുദ്ധിമുട്ട് ആർക്കും ഉണ്ടാകുകയില്ല.

3. കാസർഗോഡ്, പാലക്കാട് ജില്ലകളിൽ നടന്നുവരുന്ന അയിത്താചരണം

ശ്രീ. സി. കെ. തങ്കപ്പൻ: സർ, സ്വാതന്ത്ര്യം കിട്ടിയതിന്റെ 38-ാമത്തെ വർഷത്തിലും ഇങ്ങനെയൊരു കാര്യം ഇവിടെ ഉന്നയിക്കേണ്ടി വരുന്നതിൽ യഥാർത്ഥത്തിൽ ദുഃഖമുണ്ട്. കാസർകോട് ജില്ലയിൽ ഈയിടെ നേരിട്ടു മനസ്സിലാക്കാൻ കഴിഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

ചുരുക്കം ചില കാര്യങ്ങളേ ഞാൻ പറയുന്നുള്ളൂ. അവിടെ ചെങ്ങളം, പൈക, കോള രിഗുഡ, പനത്തടി എന്നീ പ്രദേശങ്ങളിലെ ഹരിജനങ്ങളും ഗിരിജനങ്ങളും പാവപ്പെട്ട ആളുകളാണ് എന്നുള്ളത് നമുക്കറിയാം. അവർ വീടുകളിലും പറമ്പുകളിലും ജോലിക്ക് ചെന്നാൽ അവർക്ക് പാളയിലാണ് കഞ്ഞി കൊടുക്കുന്നത്. കുടിക്കാൻ കൊടുക്കുന്ന വെള്ളം കുടിച്ചുകഴിഞ്ഞാൽ കൊടുക്കുന്ന പാത്രം കഴുകി കൊടുക്കണം. അതു മാത്രമല്ല ചെറുപ്പക്കാർ മീശ വച്ചാൽ അതിന് പ്രത്യേകമാണ് അടി. മുണ്ട് മടക്കി കുത്തിയാൽ അതിന് അടി. ഈയവസരത്തിൽ ഇത് കേട്ടാൽ വലിയ വിസ്മയം തോന്നും. അതുകൊണ്ട് എനിക്ക് മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഉള്ളത് അവിടെ മാത്രമല്ല പാലക്കാട് ജില്ലയിലെ മീനാക്ഷിപുരം, ചിറ്റൂർ, വാളയാർ, വളുരുത്തി എന്നീ പ്രദേശങ്ങളിൽ ഈ ഗിരിജനങ്ങൾക്കും ഹരിജനങ്ങൾക്കും പൊതു കമ്പോളത്തിലോ ചായക്കടയിലോ അഡ്മിഷൻ ഇല്ല. അവിടെ ചിരട്ടയിലാണ് ചായ കൊടുക്കുന്നത്. അതുപോലെതന്നെ വാളയാർ എന്നുപറയുന്ന സ്ഥലത്ത് ഒരു ശിവ ക്ഷേത്രമുണ്ട്. കഴിഞ്ഞ ശിവരാത്രിയിൽ പാലക്കാട്ടെ എസ്. പി. യുടെ നേതൃത്വത്തിൽ പോലീസിന്റെ അകമ്പടിയോടുകൂടിയാണ് ഗിരിജനങ്ങളേയും ഹരിജനങ്ങളേയും ആ അമ്പലത്തിൽ കയറ്റിയത്. അമ്പലത്തിൽ അന്ന് കയറിയതിന് പിറ്റേദിവസം അവർ അടി മേടിക്കേണ്ടിയും വന്നു.

അവിടെ ഏതാണ്ട് മൂപ്പതോ നാല്പതോ പശുക്കളെ ഐ. ആർ. ഡി. പി. അനുസരിച്ച് ഗിരിജനങ്ങൾക്ക് കൊടുത്തിട്ടുണ്ട്. അതെല്ലാം ഇന്ന് പ്രമാണിമാരുടെ കൈവശമിരിക്കുകയാണ്. ആ പശുക്കളെ പിടിക്കാൻ വേണ്ടി പോലീസ് ശ്രമിക്കുകയാണ്. എന്തായാലും സ്വാതന്ത്ര്യം കിട്ടി 38 വർഷം കഴിഞ്ഞിട്ടും ഇപ്പോഴും അയിത്തം ആചരിക്കുന്നവർക്കെതിരെ കർശനമായ നടപടി എടുക്കണമെന്ന് ആണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ കാസർകോഡ് ജില്ലയിലും പാലക്കാട് ജില്ലയിലും ഇന്നും അയിത്താചരണം നടക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. കളക്ടർ ചെയർമാനായി സാമൂഹ്യപ്രവർത്തകരും പഞ്ചായത്ത് പ്രസിഡന്റുമാരും ഉൾപ്പെട്ട ഒരു സമിതി, അങ്ങനെയുള്ള പ്രശ്നങ്ങൾ ശ്രദ്ധയിൽപെട്ടാൽ നടപടി സ്വീകരിക്കാൻ വേണ്ടി രൂപീകരിച്ചു. ഇതിനുംപുറമേ സിവിൽ അവകാശ സംരക്ഷണ നിയമം അനുസരിച്ച് തന്നെ അവർക്ക് പ്രൊട്ടക്ഷൻ കൊടുക്കാൻ വേണ്ടി ഒരു സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ പോലീസ് സ്കാഡിനെ ഈ രണ്ട് പ്രദേശത്തും നിയമിച്ചിട്ടുണ്ട്. അവർ ഈ കഴിഞ്ഞ ഒരു വർഷത്തെ കണക്ക് എടുത്തിട്ടുണ്ട്. ചിറ്റൂർ നിന്ന് നാല് കേസ്സും കാസർഗോഡ് നിന്ന് 7 കേസ്സും ഇങ്ങനെ എടുത്തിട്ടുണ്ട്. അതു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടൊന്നും തൃപ്തികരമായ നിലയിൽ അല്ല. ഇവ ഇന്നും പരിഹരിക്കപ്പെട്ടിട്ടില്ല എന്നുള്ളതാണ് സത്യം. ഏതായാലും കൂടുതൽ കർശനമായിട്ടുള്ള നടപടികൾ സ്വീകരിക്കാൻ വേണ്ടി കളക്ടർമാരോടുതന്നെ നേരിട്ട് ഇക്കാര്യം കൈകാര്യം ചെയ്യാൻ ആവശ്യപ്പെട്ടിരിക്കുകയാണ്.

4. കളമശ്ശേരി–ഇരുമ്പനം റോഡിന്റെ പ്രവർത്തനം സംബന്ധിച്ച്

ശ്രീ. കെ. മുഹമ്മദലി: കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട വ്യവസായമേഖലയുടെ വികസന പ്രവർത്തനങ്ങൾ മുന്നിൽകണ്ടുകൊണ്ട് അതിന് അടിസ്ഥാനമായി മാറേണ്ട രീതിയിൽ ദീർഘവീക്ഷണത്തോടുകൂടി രൂപം നല്കിയിട്ടുള്ള ഒരു റോഡാണ് കളമശ്ശേരി–ഇരുമ്പനം റോഡ്. ഈ പദ്ധതി മൂന്നു സ്റ്റേജുകളിലായി നടപ്പിലാക്കുവാനാണ് അത് രൂപം നല്കിയ കാലഘട്ടത്തിൽ തീരുമാനിച്ചത്. അത് ആരംഭിക്കേണ്ട കളമശ്ശേരിയിൽ അതിന്റെ പ്രവർത്തനത്തിനാവശ്യമായ സ്ഥലം എച്ച്. എം. ടി. വ്യവസായസ്ഥാപനം സൗജന്യമായി നല്കിയിട്ടും ഇത്രയും വർഷമായിട്ടും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. അതിന്റെ രണ്ട് സ്റ്റേജുകളുടെ പണി-മൂന്നു സ്റ്റേജുകളാണ് ഉള്ളത്. രണ്ട് സ്റ്റേജുകളിലെ പണി ഏകദേശം നടന്നുവരികയാണ്. ഏറ്റവും പ്രധാനപ്പെട്ട ഭാഗമായ ഈ റോഡ് ആരംഭിക്കുന്ന ഭാഗം ഇതുവരെ പ്രവർത്തനമാരംഭിക്കാത്തതുമൂലം ആ പ്രദേശത്തെ വികസന പ്രവർത്തനങ്ങളെ അത് ഗുരുതരമായി ബാധിച്ചിരിക്കുകയാണ്. ദൂരക്കാഴ്ചയോടുകൂടി, ദീർഘവീക്ഷണത്തോടുകൂടി രൂപം നല്കിയിട്ടുള്ള ഈ പദ്ധതി അടിയന്തിരമായി നടപ്പിലാക്കുവാൻ ബഹുമാനപ്പെട്ട ഉപമുഖ്യമന്ത്രി പ്രത്യേകം താല്പര്യം എടുത്ത് വേണ്ട നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): കളമശ്ശേരി–ഇരുമ്പനം റോഡ്, തൃപ്പൂണിത്തുറ–മൂവാറ്റുപുഴ റോഡിൽനിന്ന് ആരംഭിച്ച് ചിറ്റപ്പുഴ വരെയുള്ള 3.75 കി. മീ. നീളമുള്ള ഒന്നാം റീച്ചിന്റെ പണി കഴിഞ്ഞിരിക്കുകയാണ്. 2-ാം റീച്ചിന്റെ പണികൾ ആരംഭിച്ചിട്ടുണ്ട്. 3-ാം റീച്ചിന്റെ പണി 4711 മീറ്റർ നീളം വരുന്ന ഭാഗമാണ്. ഇതിൽ 777 മീറ്റർ ആണ് കൊച്ചി വ്യവസായ സംസ്ക്കരണമേഖലയിലേക്കുള്ള അപ്രോച്ച് റോഡ്. ആ വർക്ക് തുടങ്ങാനുള്ള നിർദ്ദേശം നല്കിക്കഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ള 1851 മീറ്റർ ദൂരം റോഡ് എച്ച്. എം. ടി. വക സ്ഥലത്തുകൂടിയാണ് റോഡ് പോകേണ്ടത്. അവർ ആദ്യം ആ സ്ഥലം വിട്ടുതരാൻ വൈമനസ്യം കാണിച്ചു. അതിന്റെ അടിസ്ഥാനത്തിൽ അത് നീണ്ടുപോയി. ഇപ്പോൾ അവർ ആ സ്ഥലം വിട്ടുതരാമെന്നു സമ്മതിച്ചിട്ടുണ്ടെങ്കിലും നിയമപരമായിട്ടുള്ള കൈമാറ്റം നടന്നിട്ടില്ല. അത് നടന്നുകഴിഞ്ഞാൽ അതിന്റെ പ്രവർത്തനം കൂടി ആരംഭിക്കും.

LIBRARY ARCHIVES Kerala Legislative Assembly